# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2043 | 05-12-2018 -ൽ മറുപടിക്ക്

## ദുരിതാശ്വാസ പ്രവർത്തനത്തിന് കുട്ടനാടൻ മാതൃക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി ഡി സതീശൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | ദുരിതാശ്വാസ പ്രവർത്തനത്തിന് കുട്ടനാടൻ മാതൃക സൃഷ്ടിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | എ) & ബി) | കുട്ടനാടൻ മേഖലയിൽ പ്രളയജലം ഒഴുകി മാറുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് തോട്ടപ്പള്ളി സ്പിൽവേ ലീഡിങ്ങ് ചാനലും എ,സി. കനാലുമാണ്. ഈ രണ്ടു മാർഗ്ഗങ്ങളിലൂടെയും പ്രളയ ജലം വളരെ വേഗത്തിൽ ഒഴുകി മാറുന്നതിനു വേണ്ടി എടുക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനുള്ള പഠനം നടത്തുന്നതിനായി 27/10/2018-ൽ ബഹു: മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രളയക്കെടുതികൾ വിലയിരുത്തിയ ഐക്യരാഷ്ട്രസഭ സംഘം കുട്ടനാടൻ മേഖല പ്രത്യേക പരിഗണന അർഹിക്കുന്നു എന്നും, ഈ മേഖലയിലെ ജല വിഭവ പരിപാലനം പ്രത്യേക ശ്രദ്ധയോടെ നടത്തണം എന്നും അവരുടെ പ്രളയാനന്തര പുനർനിർമ്മാണ ആവശ്യകതാ അവലോകനത്തിൽ പരാമർശിക്കുന്നുണ്ട്. |
| ബി) | എന്തൊക്കെ കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്; | | |
| സി) | 2018 ആഗസ്റ്റ് അഞ്ചിന് ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തത്; ഇതിൽ ഏതൊക്കെ കാര്യങ്ങൾ ഇതിനകം നടപ്പിലാക്കി; | സി) & ഡി) | 2018 ഓഗസ്റ്റ് 5-ന് ആലപ്പുഴയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമെടുത്തു.<br>• എ.സി. കനാലുകളുടെ 2-ഉം 3-ഉം റീച്ചുകളുടെ നിർമ്മാണം.<br>• തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലുകളുടെയും നവീകരണം.<br>• കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും 420 കിലോമീറ്റർ ചാനലുകളും തോടുകളും നവീകരിച്ച് ജലനിർഗ്ഗമനം സുഗമമാക്കുക. |
| ഡി) | ഇക്കാര്യത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചു; ഇതിൽ കേന്ദ്രസഹായമായി ലഭിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | • കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ ജലനിർഗ്ഗമനത്തിനും ജലഗതാഗതത്തിനും തടസ്സമായി നിലകൊള്ളുന്ന പാലങ്ങളുടെയും അനുബന്ധ നിർമ്മിതികളുടെയും നവീകരണം.<br>• പാടശേഖരങ്ങളുടെ പുനർ ബണ്ട് നിർമ്മാണം.<br>ഈ പദ്ധതികൾ നവകേരള നിർമ്മിതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ